"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.വ്യവ.-എച്ച് 1/186/2023-വ്യവ

വ്യവസായ (എച്ച്) വകുപ്പ്
തിരുവനന്തപുരം,
തീയതി: 21-08-2023

**<u>സർക്കുലർ</u>**

വിഷയം:- വ്യവസായ വകുപ്പ് - വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് 2022-23 വർഷത്തെ ബോണസ് വിതരണം ചെയ്യുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ - പുറപ്പെടുവിക്കുന്നു.

സൂചന:- 14.08.2023 ലെ സ.ഉ.(അച്ചടി) നം.69/2023/തൊഴിൽ നമ്പർ ഉത്തരവ്.

**********************

പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ബോണസ് വിതരണം ചെയ്യുന്ന വിഷയത്തിൽ ഓരോ വർഷവും സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ ചില പൊതുമേഖലാ സ്ഥാപനങ്ങൾ ബോണസ് വിതരണം ചെയ്തു വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ആയത് ശരിയായ നടപടിയല്ല. വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് 2022-23 വർഷത്തെ ബോണസ് വിതരണം ചെയ്യുന്നത് സൂചനയിലെ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പൂർണമായും പാലിച്ചുകൊണ്ടായിരിക്കണമെന്നും ആയത് മാനേജിംഗ് ഡയറക്ടർമാർ ഉറപ്പ് വരുത്തണമെന്നും കർശന നിർദ്ദേശം നൽകുന്നു.

2. അതോടൊപ്പം പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 2 ൽ പരാമർശിച്ചിരിക്കുന്ന കാറ്റഗറി I, കാറ്റഗറി III എന്നിവയിൽ ഉൾപ്പെടുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ബോണസ് / എക്സ്ഗ്രേഷ്യ / ഉത്സവബത്ത / ഗിഫ്റ്റ് എന്നിവ അനുവദിക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളിൽ ചുവടെ പറയുന്ന പ്രകാരം വ്യക്തത വരുത്തുന്നു.

i. കാറ്റഗറി I-ൽ വരുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് സൂചന ഉത്തരവ് പ്രകാരം ആനുകൂല്യങ്ങൾ നിശ്ചയിക്കുമ്പോൾ ലാഭ വർദ്ധനവിന് ആനുപാതികമായി മുൻവർഷത്തെ തുകയേക്കാൾ 2 % മുതൽ 8% വരെ അധികം അനുവദിക്കുന്ന തുക എത്രയാണോ അത് അതേപടി മുൻവർഷത്തെ തുകയോട് കൂട്ടിയാണ് ബോണസ് കണക്കാക്കേണ്ടത്. കാറ്റഗറി I-ൽ വരുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് വർദ്ധനവ് ഉൾപ്പെടെ ലഭിക്കുന്ന ഏറ്റവും കുറഞ്ഞ ബോണസ് / എക്സ്ഗ്രേഷ്യ / ഉത്സവബത്ത / ഗിഫ്റ്റ് തുക 5000/- രൂപയായിരിക്കും.

ii. കാറ്റഗറി III-ലെ പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് ബോണസ് നിശ്ചയിക്കുമ്പോൾ സ്ഥാപനത്തിന്റെ വിറ്റുവരവിന്റെ വ്യത്യാസം എത്ര കൂടിയാലും ആനുപാതികമായ കുറവ് പരമാവധി 20% ആയി നിജപ്പെടുത്തി ബോണസ് / എക്സ്ഗ്രേഷ്യ / ഉത്സവബത്ത / ഗിഫ്റ്റ് നിശ്ചയിക്കേണ്ടതാണ്.

3. സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ബോണസ് / എക്സ്ഗ്രേഷ്യ / ഉത്സവബത്ത / ഗിഫ്റ്റ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചാൽ യാതൊരു കാരണവശാലും പ്രസ്തുത നടപടിക്ക് സാധൂകരണം നൽകുന്നതല്ല.

SUMAN BILLA

പ്രിൻസിപ്പൽ സെക്രട്ടറി

വ്യവസായ വകുപ്പിനു കീഴിലെ എല്ലാ പൊതുമേഖലാ സ്ഥാപന മേധാവികൾക്കും

മെമ്പർ സെക്രട്ടറി, റിയാബ്, തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്

ഉത്തരവിൻ പ്രകാരം

Signed by
AJITHKUMAR A
Date: 21-08-2023 11:01:24

സെക്ഷൻ ഓഫീസർ.

പകർപ്പ്

ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ യ്ക്ക്

വ്യവസായ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും